**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2609** **13-12-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ പറക്കുന്നം പാലം നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണം ആരംഭിക്കുന്ന പറക്കുന്നം പാലം പദ്ധതിക്ക് സാമ്പത്തിക അനുമതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) | ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണം ആരംഭിക്കുന്ന പറക്കുന്നം പാലത്തിന് 19/07/2017-ലെ GO (Rt) No. 942/2017/PWD പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ അവലോകനത്തിനായി സമർപ്പിക്കുന്നത് 07/02/2020-നാണ്. പദ്ധതി വിശദമായി അവലോകനം നടത്തി ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങുന്ന സാങ്കേതിക അവലോകന റിപ്പോർട്ട് 09/12/2020-ന് KRFB-ക്ക് നൽകിയിരുന്നു. ഇതിനുള്ള മറുപടി KRFB കിഫ്ബിയിൽ സമർപ്പിച്ചത് 05/02/2022-നാണ്. എന്നാൽ മറുപടി തൃപ്തികരമല്ലാത്തതിനാൽ അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 07/02/2022-ന് തിരിച്ച് നൽകുകയും ചെയ്തിരുന്നു. 23/07/2022-ന് SPV സമർപ്പിച്ച മറുപടി റിപ്പോർട്ട് കിഫ്ബി അവലോകനം നടത്തി കിഫ്ബി നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തി വിശദമായ അവലോകന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആയത് അടുത്ത കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ജനറൽ ബോഡിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും, അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |
| (ബി) | കാലതാമസം പരിഹരിച്ച് ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണം ആരംഭിക്കുന്ന പറക്കുന്നം പാലത്തിന് 19/07/2017-ലെ GO (Rt) No. 942/2017/PWD പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB വിശദമായ പദ്ധതി |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് കിഫ്ബിയിൽ അവലോകനത്തിനായി സമർപ്പിക്കുന്നത് 07/02/2020-നാണ്. പദ്ധതി വിശദമായി അവലോകനം നടത്തി ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങുന്ന സാങ്കേതിക അവലോകന റിപ്പോർട്ട് 09/12/2020-ന് KRFB-ക്ക് നൽകിയിരുന്നു. ഇതിനുള്ള മറുപടി KRFB കിഫ്ബിയിൽ സമർപ്പിച്ചത് 05/02/2022-നാണ്. എന്നാൽ മറുപടി തൃപ്തികരമല്ലാത്തതിനാൽ അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 07/02/2022-ന് തിരിച്ച് നൽകുകയും ചെയ്തിരുന്നു. 23/07/2022-ന് SPV സമർപ്പിച്ച മറുപടി റിപ്പോർട്ട് കിഫ്ബി അവലോകനം നടത്തി കിഫ്ബി നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തി വിശദമായ അവലോകന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആയത് അടുത്ത കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ജനറൽ ബോഡിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും, അംഗീകാരം ലഭിയ്ക്കുന്ന മുറയ്ക്ക് ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ